Santhigiri

# ഉമ്മിണിതങ്കം

VOL 04 | ISSUE 04 | 2018 ജനുവരി 28 | 1193 മകരം 14

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

## ഗുരുവാണി

"ഭക്തി എന്നത് സ്നേഹത്തിന്റെ പൂർണ്ണതയാണ്. ഭക്തി വന്നു കഴിഞ്ഞാൽ ആരംഭശൂരത്വം കാണിച്ച് എടുത്തു ചാടരുത്. യഥാർത്ഥ ഭക്തൻ സകല ചരാചരങ്ങളിലും അവന്റെ ഇഷ്ടദേവതാസ്വരൂപം സകലസന്തോഷത്തോടും കൂടി കാണുന്നു. "



*കുടുംബയോഗത്തിൽ പങ്കെടുത്തവർ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിയോടൊപ്പം*

# പൂജിതപീഠം സമർപ്പണം: ശാന്തിഗിരി കുടുംബയോഗങ്ങൾ ശ്രദ്ധേയമാകുന്നു

**റിസർച്ച് സോൺ :** ആശ്രമത്തിൽ പൂജിതപീഠം സമർപ്പണം ആഘോഷത്തിനു മുന്നോടിയായി ആരംഭിച്ച ശാന്തിഗിരി കുടുംബയോഗങ്ങൾ ആത്മബന്ധുക്കളുടെ സജീവമായ പങ്കാളിത്തം കൊണ്ട് ശ്രദ്ധ നേടുന്നു. ജനുവരി 23 ചൊവ്വാഴ്ചയാണ് ശാന്തിഗിരി കുടുംബയോഗങ്ങൾ ആരംഭിച്ചത്. റിസർച്ച് സോണിലെ കമ്യൂണിറ്റി ഹാളിലും വിശ്വസംസ്കൃതി കലാരംഗം ഓഫീസിലുമാണ് കുടുംബസംഗമങ്ങൾ നടന്നുവരുന്നത്. യോഗത്തിൽ ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാന തപസ്വി സൗഹൃദസന്ദേശം നല്കുന്നു.

പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ തന്നെ ഇത്തരമൊരു ആശയം ആദ്യമാണെന്ന് സർവാദരണീയ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി കുടുംബയോഗങ്ങളിൽ പങ്കെടുത്തുകൊണ്ട് പറഞ്ഞു. അടുത്തിടെ നടത്തിയ ഭവന സന്ദർശനങ്ങളിൽ നിന്നാണ് കുടുംബയോഗം എന്ന ആശയം ഉടലെടുത്തത്. ഗുരുവിനെ പ്രാർത്ഥിക്കുന്നവരുടെ വീടുകളിൽ ഭൗതിക സമൃദ്ധികൾക്ക് താരതമ്യേന കുറവുണ്ടെങ്കിലും ഐശ്വര്യം പ്രകടമാണ്. പണത്തിനല്ല നമ്മുടെ കർമഗതികൾ അഴിഞ്ഞുപോകുന്നതിനാണ് ഗുരു പ്രാധാന്യം നല്കിയത്. വിവിധ പ്രദേശങ്ങളിൽ നിന്നും ആശ്രമപരിസരത്ത് വന്നു താമസിക്കുന്ന ആത്മബന്ധുക്കൾ ആശ്രമത്തെ ഒരു വീടു പോലെയും വീടിനെ ആശ്രമം പോലെയും കണ്ട് വേണം പ്രവർത്തിക്കേണ്ടത്. ഓരോരുത്തർക്കും അനുയോജ്യമായ വിവാഹബന്ധം നല്കി ഗുരു ഓരോ കുടുംബങ്ങളിലേക്ക് നമ്മെ ചേർത്തു വച്ചിരിക്കുന്നു.

20 ഗോത്രങ്ങളായുള്ള പിതൃക്കളുടെ സ്വാധീനം നമ്മുടെ മേൽ ഉണ്ട്. ഇതിൽ നിന്നും മുക്തമാക്കുന്നതിനാണ് നമ്മളെയെല്ലാം വിവിധ കർമമേഖലകളിൽ ഗുരു നിയോഗിച്ചിരിക്കുന്നത്. ഇക്കാര്യം മനസിലാക്കി വേണം നാം ആശ്രമത്തിൽ പ്രവർത്തിക്കേണ്ടത്. ഗുരുസ്ഥാനീയ ശിഷ്യപൂജിത ഒരിക്കൽ എന്നോടുപറഞ്ഞു– 'നീ എല്ലാവർക്കും ഒരു തണലായി നില്ക്കണം' എന്ന്. ഈ ഗുരുവാക്ക് മുൻനിർത്തി പ്രവർത്തിക്കാൻ അന്നു മുതൽ ഞാൻ ശ്രമിച്ചിട്ടുള്ളത് ഇപ്പോൾ ഓർത്തുപോവുകയാണ്. ഈ വണ്ടിച്ചക്രത്തിലെ ഒരു മണൽത്തരിയായെങ്കിലും ആശ്രമജീവിതത്തിൽ പിടിച്ചു നില്ക്കാനുള്ള ഗുരുകാരുണ്യം നമുക്കോരോരുത്തർക്കും ഉണ്ടാകണം. സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി പറഞ്ഞു.

നമ്മുടെ ചുരുക്കം ചില ആത്മബന്ധുക്കൾ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം മൂലം പ്രയാസം നേരിടുന്നുണ്ട്. അവർക്കു വേണ്ടിയാണ് ആശ്രമം 'വാസശ്രീ' എന്ന ഭവന നിർമ്മാണ സഹായ പദ്ധതി ആരംഭിച്ചിരിക്കുന്നത്. ഗുരുവിനെ വിശ്വസിച്ച് ആദ്യകാലം മുതൽ കഷ്ടപ്പെട്ട ആത്മബന്ധുക്കളുടെ പ്രവർത്തനത്തിന്റെ ഫലമാണ് ഇന്നു നമുക്കുണ്ടായിരിക്കുന്ന പുരോഗതി. പ്രസ്ഥാനത്തിന്റെ ഭാവി ഭാഗധേയം നിർണയിക്കേണ്ടത് ഇവിടെ വളരുന്ന കുഞ്ഞുങ്ങളാണ്. അവരെ ഗുരുവിന്റേതായി വളർത്താൻ നമുക്ക് ഓരോരുത്തർക്കും കടമയുണ്ട്. സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ചൂണ്ടിക്കാട്ടി.

ഇരവിപുരം വിജയൻ രചിച്ച് കിരൺ ഭാനു ആലപിച്ച 'ആകാശ താരങ്ങൾ കുമ്പിട്ടുനില്ക്കും...' എന്ന ഗുരുഭക്തിഗാനം ശ്രദ്ധേയമായി. കുടുബയോഗങ്ങളിൽ വച്ച് കുടുംബാംഗങ്ങളെയും ഉന്നത വിജയങ്ങൾ നേടിയവരെയും ആദരിക്കുകയും ഉപഹാരം നല്കുകയും മൺമറഞ്ഞുപോയവരെ അനുസ്മരിക്കുകയും ചെയ്തു.

സ്വാമി സ്നേഹാത്മ ജ്ഞാനതപസ്വി, ജനനി സുപഥ ജ്ഞാനതപസ്വിനി, സ്വാമി ജ്ഞാനദത്തൻ ജ്ഞാനതപസ്വി, സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി തുടങ്ങിയവരും ഗൃഹസ്ഥാശ്രമസംഘം ചുമതലക്കാരും കുടുംബസംഗമങ്ങളിൽ പങ്കെടുക്കുന്നുണ്ട്.

കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഒറ്റയ്ക്കും അല്ലാതെയും ആശ്രമത്തിലെത്തി ആദ്യകാലം മുതൽ ആശ്രമവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ആത്മബന്ധുക്കളുടെ കുടുംബകൂട്ടായ്മ ഏവർക്കും നവ്യാനുഭവമാണ് പകരുന്നത്.

## പൂജിതപീഠം സമർപ്പണം സങ്കല്പം
### അഭിവന്ദ്യ ശിഷ്യപൂജിത അറിയിച്ചത്

ദൈവമേ, ഗുരുവേ അപ്പാ,
എന്റെയീ ദോഷവും
എന്റെ വീടോടെയുള്ള ദോഷവും മാറി
എന്റെ കർമ്മത്തിലുള്ള ദോഷവും മാറി
എന്താണോ എനിക്ക് കിട്ടേണ്ടത് കിട്ടണമേ
ഗുരുവേ അപ്പാ ദൈവമേ പരബ്രഹ്മമേ...



*ഹൈദരാബാദ് 'സിപ്സ്' സെന്ററിന്റെ ഉദ്ഘാടന ചടങ്ങിൽ നിന്ന്*

## ഹൈദരാബാദിൽ 'സിപ്സ്' സെന്റർ പ്രവർത്തനം ആരംഭിച്ചു

**ഹൈദരാബാദ്:** തെലങ്കാന സർക്കാരിന്റെ സഹകരണത്തോടെ ആശ്രമം ഹൈദരാബാദിൽ ആരംഭിച്ച ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ സയൻസിന് ജനുവരി 24 ബുധനാഴ്ച തിരി തെളിഞ്ഞു. തെലങ്കാന ഊർജ്ജവകുപ്പ് മന്ത്രി ജി. ജഗദീഷ് ഷെട്ടി ഉദ്ഘാടനം നിർവഹിച്ചു. ആദരണീയ സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി മഹനീയ സാന്നിധ്യം ആയിരുന്നു. തെലങ്കാന ടൂറിസം സെക്രട്ടറി ബി. വെങ്കിടേശം, പിന്നാക്കക്ഷേമ സെക്രട്ടറി ബുദ്ധപ്രകാശ്, ഡോ. പിടമർത്തി രവി, ലച്ചിറാം ഭുഖ്യ, ഡോ. ചിന്നം റെഡ്ഡി എന്നിവർ വിശിഷ്ടാതിഥികളായിരുന്നു.

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റുമായി ചേർന്നാണ് ശാന്തിഗിരി ആശ്രമം തെലങ്കാനയിലെ പിന്നാക്ക വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതരായ യുവതീയുവാക്കൾക്കു തൊഴിൽ ഉറപ്പുവരുത്തുന്നതിനുവേണ്ടി പഞ്ചകർമ്മ ട്രെയിനിംഗ് നല്കുന്ന ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ സയൻസ്(സിപ്സ്) ആരംഭിച്ചിരിക്കുന്നത്. നാല്പത് കുട്ടികളുടെ ആദ്യ ബാച്ചിന്റെ ക്ലാസുകളും ആരംഭിച്ചിട്ടുണ്ട്.

ഗുരുചരണം ശരണം

**മോഹനം ഒപ്റ്റിക്കൽസ്**

കമ്പ്യൂട്ടറൈസ്ഡ് ഐ ടെസ്റ്റിംഗ് & കോൺടാക്ട് ലെൻസ് ക്ലിനിക്ക്
(ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഗേറ്റിന് എതിർവശം)
ഫോൺ : 8089695320

# ഗുരുവാണി

നിങ്ങൾ വിദ്യാഭ്യാസം ഉള്ളവരാണ്, അറിവുള്ളവരാണ് ബുദ്ധിയുള്ളവരാണ്. നിങ്ങൾ, എന്റെ അടുത്തുനില്ക്കുന്നവരും എന്നോടൊപ്പം ഇവിടെ വന്നു താമസിക്കുന്നവരും ഇത്രയെങ്കിലും അറിഞ്ഞിരിക്കണം: നിങ്ങൾ എന്തിനിവിടെ വന്നു താമസിക്കുന്നു, അല്ലെങ്കിൽ നിങ്ങൾ ഇവിടെ വന്നു താമസിക്കുന്നതിന്റെ ഉദ്ദേശ്യമെന്ത്, ആ ഉദ്ദേശ്യത്തോളം പൂർണ്ണമായും ചെയ്യണം. ഇല്ലെങ്കിൽ നിങ്ങൾ ഓരോരുത്തരായി മാറിപ്പോകും. അറിവുണ്ടെങ്കിലും നിങ്ങളുടെ വിവേകമില്ലായ്മ കൊണ്ട് അങ്ങനെ സംഭവിച്ചുപോകും.

നിങ്ങൾ എന്തുമാത്രമാണ് ഇവിടെ കളഞ്ഞിരിക്കുന്നത്? ഒരു മാനേജ്മെന്റിനെ ഏർപ്പെടുത്തി ഞാനിതുചെയ്യിച്ചിരുന്നെങ്കിൽ ഇത്രയും നഷ്ടം സംഭവിക്കുമായിരുന്നോ? നിങ്ങളുടെ വീഴ്ച എവിടെയാണെന്നു കണ്ടിട്ടുതന്നെയാണ് ഈ പ്രസ്ഥാനത്തെ നിങ്ങളെ ഏല്പിച്ചിരിക്കുന്നത്. പക്ഷെ നിങ്ങൾ നന്നാവില്ല എന്നു സ്വയം തീരുമാനിച്ചാൽ എനിക്കെന്തു ചെയ്യാൻ കഴിയും? നിങ്ങൾ ആണോ പെണ്ണോ ചെറുതോ വലുതോ എന്നു ചോദ്യമില്ല, നിങ്ങൾ അറിഞ്ഞു പ്രവർത്തിച്ചാൽ ഇവിടെ ഒരു കുറവും വരുകയില്ല, ഒരു വിഷമവും സംഭവിക്കുകയില്ല. ഒരു സാധനം ആരെങ്കിലും എടുത്തുകൊണ്ടുപോയാൽ അത് തിരിച്ചു കൊണ്ടുവയ്ക്കണം എന്ന് എടുത്തുകൊണ്ടുപോകുന്നവനോട് പറയാനെങ്കിലും കഴിയണം. പക്ഷെ നിങ്ങൾക്ക്, ഏതു ചാണകക്കുഴിയിൽ കൊണ്ടുകളഞ്ഞാലും അതിൽ വേദന വരുമോ?

ഞാൻ നിങ്ങളെ ഉപദ്രവിച്ചു വിളിച്ചുവരുത്തിയിട്ടില്ല. വിളിച്ചുവരുത്തി ചീത്തയാക്കിയിട്ടില്ല. നിങ്ങളുടെ മുതലെന്നവണ്ണം പ്രവർത്തിക്കാനുള്ള എല്ലാ സ്വാതന്ത്ര്യങ്ങളും നിങ്ങൾക്കു തന്നു. എന്താണോ നിങ്ങളുടെ ഇഷ്ടം, അങ്ങനെ ചെയ്താൽ മതി. നിങ്ങൾ പഴയ ആളുകളാണോ പാരമ്പര്യമുള്ളവരാണോ പുതിയ ആളുകളാണോ എന്നൊന്നും ഞാൻ നോക്കിയിട്ടില്ല. എനിക്ക് പഴയതും പുതിയതും എല്ലാം ഒരുപോലെ തന്നെ. എനിക്ക് എല്ലായിടത്തും എന്തെങ്കിലും തരത്തിൽ ഭേദബുദ്ധി ഉണ്ടെന്ന് ധരിച്ച് നിങ്ങൾ എന്റെ അടുത്ത് നില്ക്കരുത്. അങ്ങനെ നിങ്ങൾ ധരിച്ചാൽ ഞാൻ നിങ്ങളുടെ അടുത്തുനിന്നും മാറിപ്പോകും.

നിങ്ങൾക്കു കഷ്ടനഷ്ടങ്ങൾ വരുന്ന ഒരു വേലയും നിങ്ങൾ ചെയ്യേണ്ട. പിന്നെ, നിങ്ങളെ ഏല്പിച്ചതു നിങ്ങൾ നോക്കിയില്ലെങ്കിൽ നോക്കാത്തവരെ മാറ്റിയിട്ട് വേറെ ആളെ വയ്ക്കും. ഇവിടെ നിങ്ങൾക്ക് ഒരുമിച്ചു നില്ക്കാനും സൂക്ഷിക്കാനും ഏതെങ്കിലും തരത്തിലുള്ള പ്രയാസം വരത്തക്കവിധം എന്തെങ്കിലും ഇവിടെ ചെയ്തിട്ടുണ്ടോ? ഒരാൾ വേണ്ടവണ്ണം പ്രവർത്തിച്ചാൽ മറ്റൊരാൾക്ക് വേണ്ടാത്തതു പ്രവർത്തിക്കാനൊക്കുകയില്ല. ഈ പ്രസ്ഥാനം ഇവിടുത്തെ കർമം  അത് വേണമോ വേണ്ടയോ എന്നു നിങ്ങൾ ചിന്തിക്കുക. ഒരാൾക്കൊരു വിഷമമുണ്ടായി. അയാളത് കമ്മറ്റിക്കാരോട് പറഞ്ഞു. കമ്മറ്റിക്കാർ അതിനു തീർപ്പുണ്ടാക്കണം. നിങ്ങൾക്കു കഴിഞ്ഞില്ലെങ്കിലേ ഞാൻ തീർപ്പുണ്ടാക്കാവൂ.

നിങ്ങൾ പരിചയപ്പെട്ടിട്ടുള്ള ഓരോ വശങ്ങളാണ് നിങ്ങൾ പഠിച്ചുവച്ചിരിക്കുന്നത്. നിങ്ങൾ പഠിച്ചുവച്ചിരിക്കുന്നത് ഇവിടെ പകർത്തിയാൽ ശരിയാവുകയില്ല. ഇന്നലെവരെ കണ്ടതും അറിഞ്ഞതുമൊക്കെ ശരിതന്നെ. അത്രയും ഒരു പരിചയം കിട്ടിയല്ലോ. പക്ഷെ നിങ്ങളെ സംബന്ധിച്ച് ഒരു കുറവുണ്ടെന്നും ആ കുറവിനെപ്പറ്റി ചിന്തിക്കാൻ ദൈവം ഒരവസരം തന്നിട്ടുള്ളതാണെന്നുംകൂടി നിങ്ങൾ മനസിലാക്കണം. ആ അവസരം പ്രയോജനപ്പെടുത്താൻ നിങ്ങൾ കഴിവില്ലാത്തവരായിപ്പോകുന്നല്ലോ എന്നാണ് എന്റെ ദുഃഖം.

## വചനദീപ്തി

**"വിശ്വനാഥൻ പിതാവു നമുക്കെല്ലാം**
**വിശ്വധാത്രി ചരാചരമാതാവും**
**അച്ഛനും പുനരമ്മയുമുല്ലോ**
**രക്ഷിച്ചീടുവാനുള്ള നാളൊക്കെയും"**

ജ്ഞാനപ്പാന (പൂന്താനം)

## സ്പിരിച്വൽ സോൺ ഡ്യൂട്ടി ലിസ്റ്റ്

2018 ഫെബ്രുവരി 03 - ജ്യോതിപുരം
2018 ഫെബ്രുവരി 05 - കരുണപുരം

## യാമപ്രാർത്ഥന

2018 ഫെബ്രുവരി 01 വ്യാഴം

## നവപൂജിതം സമർപ്പണ വാർഷികം

2018 ജനുവരി 30 ചൊവ്വാഴ്ച

### പ്രകാശപഥം

# ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ

ഗുരുവിന്റെ സ്നേഹം ഉപമയ്ക്കും ഉപമാനത്തിനും അപ്പുറത്തുള്ള ചൈതന്യപ്രസരത്താൽ തിങ്ങിവിങ്ങി നില്ക്കുന്ന ജ്യോതിസ്സാണ്. അത് അനുകരിക്കാനാവാത്ത സാന്ദ്രഭാവമായി, കാലദേശങ്ങൾക്കതീതമായി ഒഴുകിയൊഴുകി പോകുന്നു. അനാദിയായ അനുഭൂതികൾ ആ നിയോഗദീപ്തിയിൽ ഉറവകൂടിക്കിടപ്പുണ്ട്. അതിൽ നിന്നു വിന്യസിക്കുന്ന പ്രകാശപ്പടവുകൾ അന്യാദൃശ്യവും അതീവസാന്ദ്രവുമാണ്. ഒരേസമയം ഭയങ്കരത്വം ജനിപ്പിക്കുന്നതും നവദൃശ്യങ്ങൾ ഉതിരുന്നതുമായ ഉണ്മയാണത്. അത് ഏതൊരു ഭാവകല്പനകളുടെയും സ്രോതസ്സായി നില്ക്കുന്നു. ആദി വേദത്തിൽ സന്നിഭം ചെയ്യുന്ന സിദ്ധാന്തപ്പൊരുളായ അനുഭവമായി നില്ക്കുന്നു.

ധർമസ്വരൂപമായ സാക്ഷിയായി ഗുരു സമസ്ത ജീവനിലും ആഴ്ന്നിറങ്ങിയിരിക്കുന്നു. എക്കാലവും അത് ദർശനനിയന്താവായി സകലതിനും മോചനമാർഗമരുളുന്നു. ഈ സത്യം ലോകത്ത് വിളമ്പുകയും വിളിച്ചറിയിക്കുകയും ചെയ്യുകയാണ് നമ്മുടെ കടമ. ബഹുവിധമായി പരിണമിക്കുന്ന ജീവാത്മ-പരമാത്മ രഹസ്യത്തിന്റെ സമുദ്രസദൃശ്യമായ ധാരയിൽ നീന്തിക്കടന്നുപോകുന്ന അനുഭവത്തിന്റെ ആനന്ദക്കടലായി മാറുന്ന സ്ഫടികസദൃശമായ ആ സ്ഥൂലസൂക്ഷ്മാവസ്ഥകൾ!!

ഗുരുവിന്റെ ഒരു പ്രയോഗമുണ്ട്- കരുതൽ. അതിന്റെ അർത്ഥ വിതാനത്തിൽ ആനന്ദ സായൂജ്യം മൊത്തമായി ഒരുങ്ങിനില്ക്കുന്നു. ആ സായൂജ്യത്തെ മണത്തും രുചിച്ചും സ്പർശിച്ചും അറിയുന്ന സ്വയംഭൂവായ സത്തയും സത്യവും ചിന്താതീതമായ പ്രതീകവുമാണ് ശാന്തിഗിരിയുടെ നവവിമോചന ധർമവീഥിയുടെ ആധാരശില.

എന്റെ പ്രാർത്ഥന ഇതാണ്: ലോകത്തിന്റെ നവവിമോചനകർമധർമകാണ്ഡങ്ങളുടെ ഇരിപ്പിടമായിത്തീരുന്നതിനുവേണ്ടി നീയാകുന്ന ബ്രഹ്മനിയോഗം കനിവാർന്ന് സദാ ഞങ്ങളോടൊപ്പം ഉണ്ടായിരിക്കേണമേ...

(അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്)

# ഗുരുവിന്റെ വാക്ക് അണുവിടപോലും തെറ്റിക്കാതെ



*ഗുരുവിന്റെ ജന്മഗൃഹം*

മനുഷ്യജീവിതത്തിൽ പ്രയാസങ്ങൾ സർവസാധാരണമാണ്. പ്രയാസങ്ങൾ ഉണ്ടാകുമ്പോൾ അല്ലെങ്കിൽ വിഷമതകൾ ഏറുമ്പോൾ പലരും വിധിയെ പഴിക്കുന്നു. മംഗല്യം നടക്കാതെ വരുമ്പോഴും ആശിച്ച മംഗല്യം കിട്ടാതെ വരുമ്പോഴും സന്താനം ഇല്ലാതെ വരുമ്പോഴും തങ്ങളുടെ കൈപ്പിടിയിലൊതുങ്ങുമെന്നു കരുതുന്ന പലതും കൈവിട്ടുപോകുമ്പോഴും പ്രതിസ്ഥാനത്ത് വിധി വരുന്നു. വിധിയെ മറികടക്കാൻ ഈശ്വരകൃപ ഉണ്ടാകണമെന്ന് ധരിച്ചുവശായി അതിനുള്ള പോംവഴിയും തേടുന്നു. ഇതിനു പുറമെ ശാസ്ത്രസാങ്കേതിക അറിവുകളെ പിൻപറ്റുന്നവരും വിരളമല്ല. എന്നാൽ പരാജയമായിരിക്കും മിക്കവർക്കും അനുഭവം.

അടുത്തിടെ മാധ്യമങ്ങളിലൂടെ നമ്മളെല്ലാം അറിഞ്ഞ ഒരു വാർത്തയുണ്ട്. ശാസ്ത്രീയ മാർഗത്തിലൂടെ അറുപത്തിമൂന്നാം വയസിൽ അമ്മയായ ഒരു റിട്ടയേഡ് അദ്ധ്യാപിക. ആറ്റുനോറ്റുണ്ടായ അവരുടെ കുഞ്ഞ് രണ്ടു വയസാകുന്നതിനു മുൻപുതന്നെ ബക്കറ്റിലെ വെള്ളത്തിൽ വീണു മരിച്ചു. സുമനസുകളെയാകെ നോവിച്ച ആ സംഭവം വിധിയുടെ അലംഘനീയതയും വെളിവാക്കുന്നുണ്ടെന്നു വേണമെങ്കിൽ പറയാം.

എന്നാൽ ഇതിനൊരു മറുവശമുണ്ട്. മനുഷ്യന്റെ വിധി എത്ര മോശമാണെങ്കിലും അതിനെ മറികടക്കാൻ മനുഷ്യനു സാധിക്കും. എങ്ങനെയെന്നോ? നമ്മുടെ ജീവന്റെ നന്മതിന്മകളറിഞ്ഞ് നമ്മളെ തിരുത്തി മുന്നോട്ടു നയിക്കാൻ പ്രാപ്തനായ ഒരു ഗുരു ഉണ്ടെങ്കിൽ. ഗുരു ഇല്ലാതെ വിധിയെ മറികടക്കാൻ നമ്മൾ നടത്തുന്ന ഏതൊരു ശ്രമവും വെള്ളത്തിൽ കോറിയ വര പോലെ ആകാനേ തരമുള്ളൂ. എന്തുകൊണ്ടെന്നാൽ നമ്മുടെ ജീവന്റെ കർമക്കുരുക്കുകളെ പൊട്ടിച്ച് അതിൽ നിന്നു നമ്മളെ മോചനപ്പെടുത്താൻ ഒരു ഗുരുവിനേ കഴിയൂ. ഇവിടെ നാമറിയേണ്ട പ്രധാന വിഷയം അങ്ങനെ ഒരു ഗുരുവിനെ നേടി, ആ ഗുരുവിന്റെ വാക്ക് സർവാത്മനാ ഉൾക്കൊണ്ട് ആ വാക്ക് അണുവിടപോലും തെറ്റിക്കാതെ ജീവിതത്തിൽ പാലിച്ച് പ്രവൃത്തിപഥത്തിൽ എത്തിച്ച് നാമത് നേടണം എന്നതാണ്. ഗുരുവാക്ക് തെറ്റിച്ചുപോയാൽ ഇതൊന്നും സാധ്യമാവില്ലെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ...



'പാഥേയം' പൊതിച്ചോറ് വിതരണം

## 'പാഥേയം' പൊതിച്ചോറ് വിതരണ പദ്ധതിക്ക് തുടക്കമായി

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന 'പാഥേയം' പൊതിച്ചോറ് വിതരണ പദ്ധതിക്ക് ജനുവരി 24 ന് തുടക്കമായി. പോത്തൻകോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. വേണുഗോപാലൻ നായർ ഉദ്ഘാടനം ചെയ്തു. പഞ്ചായത്തംഗം എസ്.വി. സജിത്ത്, എം.പി. പ്രമോദ്, ബിന്ദു എം.പി., ഗിരീഷ് ശിവലാൽ, സ്കൂൾ പ്രതിനിധികൾ എന്നിവർ പങ്കെടുത്തു. പോത്തൻകോട് കരുണാലയത്തിലെ അന്തേവാസികൾക്ക് ഭക്ഷണം വിതരണം ചെയ്തു. പൂജിതപീഠം സമർപ്പണം ആഘോഷ പരിപാടികളുടെ ഭാഗമായിട്ടാണ് 'പാഥേയം' പൊതിച്ചോറ് വിതരണം തുടങ്ങിയിരിക്കുന്നത്.

## മകരമാസത്തിലെ പൗർണ്ണമി ചൊവ്വാഴ്ച

**സ്പിരിച്വൽ സോൺ:** മകരമാസത്തിലെ പൗർണ്ണമി ജനുവരി 30 ചൊവ്വാഴ്ച പ്രാർത്ഥനാസങ്കല്പങ്ങളോടെ ആശ്രമത്തിൽ ആഘോഷിക്കും. രാവിലെ മുതൽ നടക്കുന്ന ആരാധനയിലും പുഷ്പസമർപ്പണത്തിലും വൈകുന്നേരത്തെ ദീപം പ്രദക്ഷിണത്തിലും പങ്കെടുത്തു പ്രാർത്ഥിക്കുന്നതിന് വ്രതസങ്കല്പങ്ങളോടെ കാത്തിരിക്കുകയാണ് ആത്മബന്ധുക്കൾ. പൗർണമി പ്രാർത്ഥനയുടെ പ്രാധാന്യത്തെക്കുറിച്ചുള്ള ഗുരുവചനങ്ങൾ ഇപ്രകാരമാണ്.-

"പൗർണ്ണമി പ്രാർത്ഥനയുടെ ഫലം, മറ്റൊന്നുകൊണ്ടും ചുരുക്കാൻ കഴിയാത്ത വിധം അതിശ്രേഷ്ഠമാണ്. പല ജന്മങ്ങളിലെ ഉദ്ദേശ്യശുദ്ധി അറിഞ്ഞ്, അതിനെ പ്രവർത്തിച്ചു പൂർത്തിയാക്കാൻ കഴിയുന്നത് പൗർണമിയിലാണ്. പൗർണമിവ്രതം മറ്റെല്ലാ വ്രതങ്ങളുടെയും ഗുണം ഒരുമിച്ച് ചെയ്യും. പൗർണമിയിൽ അന്തരീക്ഷം ശാന്തമാണ്. ഉദയാസ്തമയങ്ങൾക്കു തമ്മിൽ അകലമില്ല. ഒന്ന് ഉദിക്കുമ്പോൾ ഒന്ന് അസ്തമിക്കുന്നു. ഒന്ന് അസ്തമിക്കുമ്പോൾ ഒന്ന് ഉദിക്കുന്നു. പൗർണമി പ്രാർത്ഥനയുടെ ഗുണത്തെക്കുറിച്ച് ചിന്തിച്ചാലും ഇല്ലെങ്കിലും എല്ലാ ചരാചരങ്ങൾക്കും ഗുണം കിട്ടത്തക്കവിധത്തിൽ ഞങ്ങളുടെ ദോഷങ്ങളെല്ലാം നശിച്ച് നന്മയും തിന്മയും വേർതിരിച്ച് ലോകശാന്തിക്ക് ഉതകുന്ന വിധത്തിൽ ഞങ്ങളുടെ ഈ പ്രാർത്ഥനയ്ക്ക് ഗുണം ഉണ്ടാകണമേ എന്നു സങ്കല്പിക്കണം. ഗ്രഹങ്ങൾക്ക് സന്തുലിതാവസ്ഥയുണ്ടാവുകയും അതിലൂടെ ലോകനന്മയ്ക്കുതകുന്ന പ്രത്യേക ശക്തിവിശേഷം ഉണ്ടാവുകയും ചെയ്യും. ഉല്പത്തിക്കും ലയത്തിനും ഏറ്റവും പറ്റിയ ദിവസമാണ് പൗർണ്ണമി. ഉല്പത്തിയാകട്ടെ, ലോകത്തിനു മൊത്തം ഗുണം ചെയ്യുന്നതുമായിരിക്കുംതാനും."

നവപൂജിത സമർപ്പണ വാർഷികത്തിലെ പൗർണമിയെന്ന പ്രത്യേകതയും ചൊവ്വാഴ്ചത്തെ പൗർണമിക്കുണ്ട്. ജനുവരി മാസത്തിലെ രണ്ടാമത്തെ പൗർണമിയാണിത്.

## ശാന്തിഗിരി ആശ്രമം, നെടുമങ്ങാട് ഏരിയ ഓഫീസിന് തിരിതെളിഞ്ഞു

**നെടുമങ്ങാട്:** ശാന്തിഗിരി ആശ്രമം, നെടുമങ്ങാട് ഏരിയ ഓഫീസിന്റെ പുതിയ ബിൽഡിംഗിന് ജനുവരി 27 ശനിയാഴ്ച തിരിതെളിഞ്ഞു. ഗുരുവിന്റെ തൃക്കരങ്ങളാൽ തറക്കല്ലിട്ട നെടുമങ്ങാട് വേങ്കവിളയിൽ പുളിക്കോട്ട് ലെയ്നിൽ' പൗർണ്ണമി' എന്ന ഭവനത്തിന്റെ മുകൾനിലയിലാണ് പണികഴിപ്പിച്ച പുതുതായി ശാന്തിഗിരി ആശ്രമം, നെടുമങ്ങാട് ഏരിയ ഓഫീസ് കെട്ടിടം സ്ഥിതി ചെയ്യുന്നത്. രാവിലെ 10.00 മണിക്ക് നടന്ന ചടങ്ങിൽ ശാന്തിഗിരി ആശ്രമം നെടുമങ്ങാട് ഏരിയ ഇൻചാർജ് സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വി ഓഫീസ് മന്ദിരത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. നെടുമങ്ങാട് മുനിസിപ്പൽ ചെയർമാൻ ചെറ്റച്ചൽ സഹദേവൻ അദ്ധ്യക്ഷത വഹിച്ചു. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് അംഗം ആനാട് ജയൻ, എം.പി. പ്രമോദ്, വി. ഗോപിനാഥപിള്ള, എം. കോലപ്പ റാം, വി. എസ്. സജികുമാർ തുടങ്ങിയവർ സംസാരിച്ചു. ഏരിയ സമ്മേളനവും നടന്നു.



എസ്.വി.ബി.എച്ച്.എസ്.എസിൽ നടന്ന റിപ്പബ്ലിക് ദിനാഘോഷം

## ശാന്തിഗിരി ആശ്രമം വള്ള്യായി ബ്രാഞ്ച് വാർഷികം ഫെബ്രുവരി 2 ന്

**തലശേരി :** ശാന്തിഗിരി ആശ്രമം വള്ള്യായി ബ്രാഞ്ച് വാർഷികം ഫെബ്രുവരി 2 ന് പ്രാർത്ഥനാപൂർവ്വം ആഘോഷിക്കും. വാർഷികാഘോഷ സമ്മേളനം ശാന്തിഗിരി ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ചൈതന്യ ജ്ഞാന തപസ്വി ഉദ്ഘാടനം ചെയ്യും. ആശ്രമം അഡ്വൈസറി കമ്മിറ്റി ജനറൽ കൺവീനർ പി. ദാമോദരൻ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ സ്വാമി മധുരനാദൻ ജ്ഞാനതപസ്വി മഹനീയ സാന്നിദ്ധ്യമായിരിക്കും. ആർ.കെ. നാണുമാസ്റ്റർ, ഡോ. എം. മുരളീധരൻ, മനോജ് മാത്തൻ, കെ. ഇന്ദിര തുടങ്ങിയവർ സംസാരിക്കും.

## കാലത്തിന്റെ വെല്ലുവിളികളെ അഭിമുഖീകരിക്കാൻ വിദ്യാർത്ഥികളെ സജ്ജരാക്കണം :

### സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി

**കൊട്ടാരക്കര :** കിഴക്കേക്കര സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂൾ 63-ാമത് വാർഷികവും യാത്രയയപ്പ് സമ്മേളനവും ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാന തപസ്വി ഉദ്ഘാടനം ചെയ്തു. കാലത്തിന്റെ വെല്ലുവിളികളെ അഭിമുഖീകരിക്കുവാൻ വിദ്യാർത്ഥികളെ സജ്ജരാക്കണമെന്നും അവരുടെ കർമ്മശേഷി നാടിന്റെ വികസന പ്രക്രിയയുടെ ഭാഗമാക്കി പുതിയ ദിശാബോധം നൽകണമെന്നും സ്വാമി പറഞ്ഞു. മലങ്കര കാത്തോലിക്കാ സഭ മാവേലിക്കര ഭദ്രാസനാധിപൻ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് അദ്ധ്യക്ഷത വഹിച്ചു.

നിലവാരമുള്ള വിദ്യാർത്ഥിസമൂഹത്തെ വാർത്തെടുക്കാൻ അർപ്പണബോധമുള്ള അധ്യാപകസമൂഹം ചെയ്യുന്ന സേവനങ്ങൾ മഹത്തരമാണെന്ന് അദ്ദേഹം പറഞ്ഞു. വനിത കമ്മീഷൻ അംഗം അഡ്വ. എം.എസ്. താരാ ഷെറീഫ് മുഖ്യപ്രഭാഷണം നടത്തി. പ്രിൻസിപ്പാൾ ഫാ. റോയി ജോർജ്ജ്, ലോക്കൽ മാനേജർ ഫാ. അലക്സ് കളപ്പില, ഹെഡ്മാസ്റ്റർ കെ.ജി. അലക്സ്, കെ.ഒ.രാജുക്കുട്ടി, റജിമോൻ വർഗ്ഗീസ്, ബി. ഷാജഹാൻ, കെ.ഷാജുമോൻ, ജി.ജയരാജ്., റോഷിൻ എം.റോയി എന്നിവർ പ്രസംഗിച്ചു.



ശാന്തിഗിരി ആശ്രമം ബത്തേരി ബ്രാഞ്ച് വാർഷികാഘോഷം

## വാർഷികം നടന്നു

**ബത്തേരി:** ശാന്തിഗിരി ആശ്രമം ബത്തേരി ബ്രാഞ്ചിന്റെ പതിനെട്ടാമത് വാർഷികം ജനുവരി 21 ഞായറാഴ്ച നടന്നു. ശാന്തിഗിരി ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ചൈതന്യ ജ്ഞാനതപസ്വി, ഐ.സി. ബാലകൃഷ്ണൻ എം.എൽ.എ. തുടങ്ങിയവർ വാർഷികാഘോഷ പരിപാടികളിൽ പങ്കെടുത്തു. ഗുരുവിന്റെ ആശയം സകല ജീവരാശിക്കും നന്മ പകരാനുള്ളതാണെന്നും തന്റെ അടുത്തു വന്ന സകലരെയും ഗുരു ഒരേപോലെ സ്നേഹിച്ചുവെന്നും സ്വാമി ചൈതന്യ ജ്ഞാനതപസ്വി പറഞ്ഞു. സ്വാമി തനിമോഹനൻ ജ്ഞാനതപസ്വി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ടി. ഉഷാകുമാരി, നെന്മേനി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി. കറപ്പൻ, സ്വാമി ജ്യോതിചന്ദ്രൻ ജ്ഞാനതപസ്വി, ജനപ്രതിനിധികൾ, ശാന്തിഗിരി ആർട്സ് ആന്റ് കൾച്ചർ ഡിവിഷൻ പ്രതിനിധികൾ തുടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു. മികച്ച കർഷകരെ ആദരിക്കുകയുമുണ്ടായി.

## ഓഖി : മാതൃമണ്ഡലം സഹായം വിതരണം ചെയ്തു

**തിരുവനന്തപുരം:** ശാന്തിഗിരി മാതൃമണ്ഡലം തിരുവനന്തപുരം ഏരിയ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഓഖി ദുരിതബാധിതർക്കായി സഹായവിതരണം നടത്തി. പൂജിതപീഠം സമർപ്പണാഘോഷത്തിന്റെ ഭാഗമായി നടത്തിയ പരിപാടിയിൽ ആഹാരവും വസ്ത്രവും മറ്റ് നിത്യോപയോഗ സാധനങ്ങളും അടങ്ങുന്ന കിറ്റ് വിതരണം ചെയ്തു. മാതൃമണ്ഡലം ഗവേണിംഗ് കമ്മിറ്റി ചുമതലക്കാരായ രേഖ മധുപാൽ, കെ. ലക്ഷ്മിയമ്മാൾ, ഏരിയ കമ്മറ്റി ചുമതലക്കാരായ കെ. സരസ്വതി അമ്മാൾ, കെ.ബി. സൂര്യകുമാരി, സിന്ധു സുരേഷ്, തുടങ്ങിയവർ ജനുവരി 21 ഞായറാഴ്ച നടത്തിയ ചടങ്ങിൽ പങ്കെടുത്തു. തുടർന്നും ഓഖി ദുരിതബാധിതർക്ക് സഹായം നല്കുമെന്ന് മാതൃമണ്ഡലം പ്രവർത്തകർ അറിയിച്ചു.

# ശാന്തിഗിരി കുടുംബയോഗങ്ങളിൽ നിന്ന്














# പൂജിതപീഠം സമർപ്പണം – അർദ്ധവാർഷിക കുംഭമേള

## ആഘോഷങ്ങൾക്ക് ഒരുക്കങ്ങളാകുന്നു

**സ്പിരിചൽ സോൺ:** പൂജിതപീഠം സമർപ്പണത്തിനും അർദ്ധവാർഷിക കുംഭമേളയ്ക്കും ദിവസങ്ങൾ മാത്രം ശേഷിക്കെ ആശ്രമത്തിൽ ആഘോഷങ്ങൾക്കു മുന്നോടിയായുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. വിവിധ ഡിപ്പാർട്ടുമെന്റുകളുടെയും യൂണിറ്റുകളുടെയും നേതൃത്വത്തിലാണ് ഒരുക്കങ്ങൾ നടക്കുന്നത്. വ്രതദിവസങ്ങളിൽ നടക്കുന്ന പ്രത്യേക പ്രാർത്ഥനാസങ്കല്പങ്ങളിലും പുഷ്പസമർപ്പണത്തിലും പങ്കെടുത്ത് ധന്യത നേടുന്നതിന് നിരവധി ആത്മബന്ധുക്കളാണ് ആശ്രമത്തിലെത്തുന്നത്.

ഗുരുവിന്റെ ഹൃദയസങ്കല്പത്തിൽ നിന്ന് സപ്തർഷികളും സൃഷ്ടികർമവും മനുക്കളും മന്വന്തരങ്ങളും കാലഗണനയും കാലധർമവും ഉണ്ടായി. ഈ സംവിധാനത്തിൽ നിന്ന് സനാതന ധർമ്മമുണ്ടായി. കാലാന്തരത്തിൽ ഈ ധർമത്തിനു ഭ്രംശം സംഭവിച്ചു. നിരവധി ചതുർയുഗങ്ങൾ കാലധർമത്തിൽ നിന്നു വ്യതിചലിച്ച് പ്രവർത്തിച്ചുപോരുകയായിരുന്നു. കാലധർമം പുന:സ്ഥാപിക്കാൻ ആദിഗുരു നിയോഗമേറ്റ് വീണ്ടും രൂപം സ്വീകരിച്ച് ജന്മമെടുത്തു. ബ്രഹ്മനിശ്ചയം നിവർത്തിച്ച് 1999 മെയ് ആറിന് ഗുരു ആദിസങ്കല്പത്തിൽ ലയിച്ചു. ഗുരുവിന്റെ ജന്മദൗത്യം പൂർത്തീകരിക്കാൻ എന്നും പരമ്പരയിൽ ജ്ഞാനിയായ ഒരു ഗുരു ഉണ്ടാകുമെന്നുള്ള ഗുരുവചനം സഫലീകരിച്ചുകൊണ്ട് അഭിവന്ദ്യ ജനനി അമൃതജ്ഞാനതപസ്വിനി ഗുരുവിനെ സാക്ഷാത്കരിച്ച് ഗുരുവിന്റെ ശിഷ്യപൂജിതയായി. ശിഷ്യപൂജിത പദവും ബ്രഹ്മനിയോഗം തന്നെയായിരുന്നു. ഗുരു കടന്നുപോയ സകല കർമസരണികളും ഗുരു പൂർത്തീകരിച്ച ആത്മീയ അവസ്ഥാന്തരങ്ങളും ശിഷ്യപൂജിതയും പിന്നിട്ടേതീരു. ഈ വിധത്തിലൊരു ദൗത്യനിർവഹണത്തിന് അവകാശപ്പെട്ട ദേഹിയാണ് ശിഷ്യപൂജിത.

വിജ്ഞാനസദൃശമായ കർമത്തിലൂടെ ജ്ഞാനത്തിൽ വന്നുചേരാൻ ആഗ്രഹിച്ച പൂർവാചാര്യന്മാരേക്കാൾ എത്രയോ സമുന്നതമായ സ്ഥാനത്താണ് ഗുരു, ശിഷ്യപൂജിതയെ എത്തിച്ചിരിക്കുന്നത്. ഗുരുധർമപ്രകാശ സഭയിലെ ഒരു സന്ന്യാസിനിക്കുണ്ടായ ദർശനം ഇങ്ങനെയായിരുന്നു – പൂജാമുറിക്കകത്ത് ഒരു പീഠം. ആ പീഠത്തിനു മുകളിൽ ജ്ഞാനാഗ്നി. അതിനു ചുറ്റും ഋഷിമാർ ഇരുന്നു ഹോമം നടത്തുന്നു. ഈ പ്രകാശത്തിൽ നിന്ന് തപസു ചെയ്യുന്ന ഒരു പ്രകാശരൂപം ഉയർന്നുവരുന്നു. ആ പ്രകാശരൂപം ശിഷ്യപൂജിതയുടേതാണ്. ശിഷ്യപൂജിതയെ പീഠത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്നതുപോലെ. ശിഷ്യപൂജിത സങ്കല്പം ചെയ്ത് ഗുരുവിനെ പീഠത്തിൽ ഇരുത്തുന്നു. ഗുരുവിന്റെ രൂപത്തിലേക്ക് ശിഷ്യപൂജിതയുടെ രൂപം ലയിച്ചുചേരുന്നു. ആ രൂപത്തിനുള്ളിൽ ശിഷ്യപൂജിത തപസ് ചെയ്യുന്നു. ഋഷിമാർ പൂജിച്ച് അർപ്പിക്കുന്ന പുഷ്പം ചെന്നുവീഴുന്നത് ഈ രൂപസമുച്ചയത്തിനുള്ളിൽ.

ഇതാണ് ഗുരുശിഷ്യപാരസ്പര്യത്തിന്റെ ഏറ്റവും ഉദാത്ത മാതൃക. ഇതുപോലെ ഒരു ധർമ്മപ്പൊരുൾ ലോകത്ത് ഉണ്ടായിട്ടില്ല. ഇനി ഉണ്ടാകാനും പോകുന്നില്ല. ശിഷ്യനെ തന്നോളമെത്തിച്ച ഗുരുവിന്റെ സ്നേഹത്തിനുതുല്യം ആ മഹാസ്നേഹം മാത്രമേയുള്ളൂ.

Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini Editor: T. Sasimohan Senior Co-ordinating Editor: Anil Cherthala